## അഹോ ഏതജ്ജഗത് സ്രഷ്ടസ്സുകൃതം ബത തേ കൃതം
## പ്രതിഷ്ഠിതാ: ക്രിയാ യസ്മിൻ സാകമന്നമദാമഹേ (3-20-51)

വിദുരൻ സൃഷ്ടികർമ്മത്തെപ്പറ്റി വീണ്ടും ചോദിച്ചപ്പോൾ മൈത്രേയൻ ഇങ്ങിനെ തുടർന്നു: ഭഗവൽനാഭിയിൽ നിന്നു പുറത്തുവന്ന താമരയിൽ ബ്രഹ്മാവു പ്രത്യക്ഷപ്പെട്ടതും ഭഗവാൻ സ്വയം ബ്രഹ്മഹൃദയത്തിൽ കയറി പഴയ ലോകചക്രങ്ങളിൽ ഉണ്ടായിരുന്ന സൃഷ്ടികളെ അതേപടി ഉണ്ടാക്കുവാനുള്ള പദ്ധതി കരുതിയതും താങ്കൾക്കറിയാമല്ലോ? ആദ്യമായി ബ്രഹ്മാവ് നാനാത്വഭാവഹേതുവായ അറുതലങ്ങളുള്ള അജ്ഞതയെ സൃഷ്ടിച്ചു. സ്വയം തൃപ്തിപ്പെടാതെ ആ ശരീരത്തെ സൃഷ്ടാവ് ഉപേക്ഷിച്ചു. ഇത് രാത്രിയായി മാറി. ഇരുട്ടിന്റെ ശക്തികളായ യക്ഷരും രാക്ഷസരും അതുസ്വന്തമാക്കി. വിശപ്പിന്റേയും ദാഹത്തിന്റേയും മൂലകാരണമായ ഇവർ ബ്രഹ്മാവിനെപ്പോലും തിന്നാൻ ശ്രമിച്ചു. ബ്രഹ്മദേവൻ പിന്നീട് സത്വഗുണ പ്രധാനമായ ദൈവികതയെ സൃഷ്ടിച്ചു. സൃഷ്ടിയുടെ ഉദ്ദേശം സഫലമായ ഉടനെ ആ ശരീരവും ഉപേക്ഷിച്ചപ്പോൾ അതു പകലായി. ദേവന്മാർ അതിന്റെ നേതൃത്വമേറ്റു.

ബ്രഹ്മാവിന്റെ പുറത്തുനിന്നും കാമം നിറഞ്ഞ അസുരന്മാർ ഉണ്ടായി. ഈ സൃഷ്ടികൾ ബ്രഹ്മദേവനിൽ പോലും കാമസാഫല്യം നേടാൻ തുനിയുകയുണ്ടായി. ഭഗവൽപ്രേരണയിൽ ഈ ദേഹവും ബ്രഹ്മാവു പേക്ഷിച്ചു. അത് സന്ധ്യയായിത്തീർന്നു. അസുരന്മാർക്ക് സന്ധ്യയൊരു മാദകസുന്ദരിയായി കാണപ്പെടുകയും അവർ മോഹവലയത്തിൽപ്പെടുകയും ചെയ്തു. ബ്രഹ്മദേവൻ സ്വയം ചിരിച്ചു. സ്വന്തം പ്രേമഭാവത്തിൽ നിന്നും ഗന്ധർവന്മാരേയും അപ്സരസ്സുകളേയും സൃഷ്ടിച്ചു. ഇവയുണ്ടായ ബ്രഹ്മശരീരം നിലാവായിത്തീർന്നു. ദേവഗായകരും സുന്ദരികളും നിലാവിനെ സ്വന്തമാക്കി. ബ്രഹ്മാവിന്റെ സ്വന്തം ആലസ്യത്തിൽനിന്നും ഭീകരരൂപികളായ പിശാചുക്കളും ഭൂതങ്ങളും പിറന്നു. ഇതുണ്ടായ ബ്രഹ്മശരീരം ഒരു കോട്ടുവായിട്ടു കൊണ്ട് ഉപേക്ഷിച്ചപ്പോൾ ഈ ഭൂതങ്ങൾതന്നെ അതേറ്റെടുത്തു. ഇവർ നിദ്രയിലും കോട്ടുവായിലും പ്രകടമാവുകയും അശുദ്ധരായവരിൽ ആവേശിച്ച് മാനസിക വിഭ്രാന്തിയുണ്ടാക്കുകയും ചെയ്യുന്നു.

അരൂപികളായ സിദ്ധന്മാരും പിതൃക്കളും ബ്രഹ്മശരീരത്തിൽനിന്നു പൂർണ്ണശക്തിയോടെ ഊർജ്ജസ്വലരായി പുറത്തുവന്നു. ബ്രഹ്മശരീരത്തിലൂടെയത്രേ പിതൃക്കൾക്ക് തപ്പർണമേകുന്നതും അതു സ്വീകരിക്കപ്പെടുന്നതും. മറഞ്ഞിരിക്കാനുള്ള സിദ്ധിയിൽനിന്നും ബ്രഹ്മാവ് സിദ്ധനേയും വിദ്യാധരനേയും സൃഷ്ടിച്ചു. അവരാ ബ്രഹ്മശരീരം സ്വന്തമാക്കുകയും ചെയ്തു. സ്വന്തം പ്രതിബിംബം ജലത്തിൽ കണ്ട് വശായ ബ്രഹ്മാവിൽനിന്നും കിന്നരന്മാരും കിംപുരുഷന്മാരും ഉണ്ടായി. സൃഷ്ടാവ് വിശ്രമിക്കുമ്പോൾ താഴെവീണ രോമങ്ങൾ പാമ്പുകളായി.

അവസാനമായി ബ്രഹ്മാവ് മനുവിനെ സ്വരൂപത്തിൽ സൃഷ്ടിച്ചു. മനുഷ്യരൂപം അങ്ങിനെ ഉണ്ടായി. ഈ പുതിയ സൃഷ്ടിയിൽ ഇതിനു മുൻപുണ്ടായവരെല്ലാം സന്തുഷ്ടരായിരുന്നു. അവർ പറഞ്ഞു: "അല്ലയോ സൃഷ്ടാവേ ഞങ്ങൾക്കു സന്തോഷമായി. ഈ സൃഷ്ടിയിലൂടെ അങ്ങ് നല്ലകാര്യമാണ് ചെയ്തത്. അവനിൽ ത്യാഗബുദ്ധി വേണ്ടത്ര ഉറപ്പിച്ചിട്ടുള്ളതുകൊണ്ട് ഞങ്ങൾക്കുള്ള വിഹിതങ്ങൾ കിട്ടാതെ പോകില്ലെന്നുറപ്പുണ്ട്." ബ്രഹ്മാവ് സ്വയം തപസ്സ്, യോഗം, സമാധി എന്നിവ സ്വീകരിച്ച് ഋഷിയായിത്തീർന്നു. തന്റെ ശരീരത്തിൽ ധ്യാനം, സിദ്ധികൾ, പൂജാവിധികൾ, നിർമ്മമത എന്നിവ നിറഞ്ഞുനിൽക്കുന്ന ഭാഗത്തെയാണ് ഋഷിയാക്കിയത്.